# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3725 — 26.06.2012-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെടുത്തി കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിനുള്ള നടപടി നിലവിൽ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;<br><br>(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും (സി) യും<br><br>നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ കാർഷിക വായ്പാരംഗത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ തുടങ്ങിയ പ്രാഥമിക സഹകരണ സംഘങ്ങളിൽ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം ഒരു ലക്ഷം രൂപ വരെയെങ്കിലും ഉള്ളവയും, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പ്രതിഫലം പറ്റുന്ന സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉള്ളതും അഴിമതിരഹിത പ്രവർത്തനം നടത്തുന്നതും പോസിറ്റീവ് നെറ്റ്‌വർത്തുള്ളതുമായ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് കേന്ദ്ര ഏജൻസിയായ എൻ.സി.ഡി.സി.യിൽ നിന്നും സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുതുക്കിപണിയുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, വിപുലപ്പെടുത്തുന്നതിനും അറ്റകുറ്റ പണികൾക്കും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, കൗണ്ടറുകൾ, സ്ട്രോംഗ് റൂം, സേഫ്ഡെപ്പോസിറ്റ് ലോക്കറുകൾ എന്നിവ സ്ഥാപിക്കുന്നതിനും, വാഹനങ്ങൾ, ഫർണിച്ചറുകൾ എന്നിവ സമ്പാദിക്കുന്നതിനും ധനസഹായം ലഭ്യമാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ടിന്റെ 90% വായ്പയായി എൻ.സി.ഡി.സി സർക്കാരിന് ലഭ്യമാക്കുന്ന തുക 50% വായ്പയായും 40% ഓഹരി മൂലധനമായും (ക്ലാസ് I, II, III വിഭാഗം സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപയും ക്ലാസ് IV,V,VI,VII വിഭാഗം സംഘങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപയും) സംഘങ്ങൾക്ക് നൽകുന്നു. 10% വിഹിതം സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ